REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-11-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ബിഹാറിൽ ഗവൺമെന്റ് രൂപീകരണത്തിന് അനൗപചാരിക ചർച്ചകൾ തുടങ്ങി.**
- **രാജ്യത്തിന്റെ പാരമ്പര്യം പ്രകടമാക്കുന്ന സാംസ്കാരിക പരേഡോടെയായിരിക്കും ഇത്തവണത്തെ ഗോവ രാജ്യാന്തര ചലച്ചിത്രമേള ആരംഭിക്കുകയെന്ന് കേന്ദ്ര സഹമന്ത്രി ഡോ. L മുരുകൻ.**
- **കേരളം തദ്ദേശ തിരഞ്ഞെടുപ്പ് ചൂടിലേക്ക്. ഇന്നലെ വരെ 42 പേർ പത്രിക നൽകി.**
- **ശബരിമലയിൽ പുതിയ മണ്ഡല-മകരവിളക്ക് തീർത്ഥാടന കാലത്തിന് വൈകിട്ട് നട തുറക്കും.**
- **കൊൽക്കത്ത ക്രിക്കറ്റ് ടെസ്റ്റിൽ ഏഴിന് 93 എന്ന നിലയിൽ ദക്ഷിണാഫ്രിക്ക രാവിലെ രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കും.**

## വാർത്തകൾ വിശദമായി

ബിഹാറിൽ ഗവൺമെന്റ് രൂപീകരണവുമായി ബന്ധപ്പെട്ട അനൗപചാരിക ചർച്ചകൾ തുടങ്ങി. ഇന്നലെ കേന്ദ്രമന്ത്രിയും ലോക് ജനശക്തി പാർട്ടി നേതാവുമായ ചിരാഗ് പസ്വാൻ JDU പ്രസിഡന്റും മുഖ്യമന്ത്രിയുമായ നിധീഷ് കുമാറുമായി  കൂടിക്കാഴ്ച നടത്തി. ഗവൺമെന്റിന്റെ ഘടനയും സഖ്യവും കൂടിക്കാഴ്ചയിൽ ചർച്ചയായതായി പസ്വാൻ മാധ്യമങ്ങളെ അറിയിച്ചു. ഹിന്ദുസ്ഥാനി അവാമോർച്ച ദേശീയ അധ്യക്ഷൻ സന്തോഷ് സുമനും മുഖ്യമന്ത്രിയുമായി ചർച്ച നടത്തി. സഖ്യനേതാവായി നിധീഷ്കുമാറിനെ ഏകകണ്ഠമായി അംഗീകരിച്ചതായി അദ്ദേഹം പറഞ്ഞു.

രണ്ട് ദിവസത്തിനകം ഗവൺമെന്റ് രൂപീകരണത്തിൽ തീരുമാനം ഉണ്ടാകുമെന്ന് BJP സംസ്ഥാന പ്രസിഡന്റ് ഡോ. ദിലീപ് ജെയ്സ്വാൾ പറഞ്ഞു. BJP കേന്ദ്രനേതൃത്വമായിരിക്കും കാര്യങ്ങൾ തീരുമാനിക്കുകയെന്നും ഡോ. ജെയ്സ്വാൾ അറിയിച്ചു.

✪✪✪

ഗോവയിലെ പനാജിയിൽ ഈ മാസം 20ന് ആരംഭിക്കുന്ന ഇന്ത്യ-രാജ്യാന്തര ചലച്ചിത്രമേള രാജ്യത്തിന്റെ പാരമ്പര്യം വിളിച്ചോതുന്ന വർണാഭമായ സാംസ്കാരിക പരേഡോടെ യായിരിക്കും സംഘടിപ്പിക്കുകയെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി ഡോ. L മുരുകൻ അറിയിച്ചു. ഈ മാസം 20 മുതൽ 28 വരെയാണ് ചലച്ചിത്രമേള. 80 ലേറെ രാജ്യങ്ങളിലെ 270ലധികം ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കും. ബ്രസീലിയൻ ചിത്രം 'ദ ബ്ലൂ ട്രെയിൽ' ആയിരിക്കും ഉദ്ഘാടന ചിത്രം.

ഇന്ത്യൻ സിനിമയിലെ ഇതിഹാസങ്ങളായ ഗുരുദത്ത്, രാജ് ഖോസ്‌ല, ഭാനുമതി, ഭുവൻ, ഋതിക്, എന്നിവരേയും സിനിമാ രംഗത്ത് അരനൂറ്റാണ്ട് പിന്നിട്ട രജനികാന്ത്, ബാലകൃഷ്ണ എന്നിവരേയും മേളയിൽ ആദരിക്കും. 'സർഗാത്മകതയുടേയും സാങ്കേതികതയുടേയും സമന്വയം' എന്നതാണ് ഗോവ ചലച്ചിത്രമേളയുടെ പ്രമേയം.

✪✪✪

ആധുനിക ലോകത്തിന് സമഗ്ര മാനുഷിക തത്വശാസ്ത്രം എന്ന നിലയിൽ പണ്ഡിറ്റ് ദീൻ ദയാൽ ഉപാദ്ധ്യായ സനാതന ധർമം സമർപ്പിച്ചതായി RSS സർസംഘ് ചാലക് മോഹൻ ഭാഗവത് അഭിപ്രായപ്പെട്ടു. രാജ്യത്തിന്റെ കാലത്തിനും സാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കും അനുയോജ്യമായ സനാതന ധർമം അറുപത് വർഷം മുമ്പ് അവതരിപ്പിച്ചതാണെങ്കിലും അത് ഇപ്പോഴും പ്രസക്തമാണെന്ന് ജയ്പൂരിൽ അദ്ദേഹം പറഞ്ഞു. ഇൻഡഗ്രൽ ഹ്യുമൺ ഫിലോസഫി റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് ഫൗണ്ടേഷൻ സംഘടിപ്പിച്ച ദീൻ ദയാൽ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു ഭാഗവത്.

✪✪✪

ജാർഖണ്ഡ് സ്ഥാപകദിനവും, ഭഗവാൻ ബിർസാ മുണ്ടയുടെ ജന്മവാർഷികവും രാജ്ഭവനിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്തു.

'ബിർസാ മുണ്ടയുടെ ജന്മദിനം ജൻ ജാതിയ ഗൗരവ് ദിനം ആയി കേന്ദ്രം പ്രഖ്യാപിച്ചത് ഏറ്റവും വലിയ ആദരമാണെന്ന് ഗവർണർ പറഞ്ഞു. രാജ്യത്തിനായി ജീവനർപ്പിച്ച ഏറ്റവും പ്രായം കുറഞ്ഞ സ്വാതന്ത്ര്യസമര നായകനായിരുന്നു ബിർസാ മുണ്ടയെന്ന് ആർലേക്കർ അനുസ്മരിച്ചു.

✪✪✪

കേരളം തദ്ദേശ തിരഞ്ഞെടുപ്പ് ചൂടിലേക്ക്. മുന്നണികളുടെ സ്ഥാനാർത്ഥി പ്രഖ്യാപനം മിക്കയിടത്തും പൂർത്തിയായി വരുന്നു.

ഡെസ്ക് റിപ്പോർട്ട്

.......വോയ്സ്........

ഭാഗികമായി സ്ഥാനാർത്ഥി പട്ടിക പുറത്തുവിട്ട പാർട്ടികൾ ശേഷിക്കുന്ന സീറ്റുകളിലും ഉടൻ സ്ഥാനാർത്ഥികളെ നിശ്ചയിക്കും. മുന്നണികൾക്കുള്ളിൽ ഉണ്ടാക്കിയ സീറ്റ് വിഭജന ധാരണ പ്രകാരം ഓരോ പാർട്ടിയും സ്വന്തം സ്ഥാനാർത്ഥികളെ തീരുമാനിക്കുന്ന സംവിധാനമാണ് പുരോഗമിക്കുന്നത്.

ചിലയിടങ്ങളിൽ സീറ്റ് ലഭിക്കാത്ത സ്ഥാനാർത്ഥികൾ രാജിവെച്ച് മറുപക്ഷത്ത് ചേരുന്ന സംഭവങ്ങളും റിപ്പോർട്ട് ചെയ്യുന്നുണ്ട്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ലഭിച്ച സീറ്റുകൾ നിലനിർത്താനും കൂടുതൽ സ്ഥാനങ്ങൾ നേടിയെടുക്കാനും പ്രാദേശിക പ്രശ്നങ്ങൾ ഉയർത്തിയാണ് പാർട്ടികൾ വോട്ടർമാരെ സമീപിക്കുന്നത്.

പത്രികാ സമർപ്പണത്തിന്റെ രണ്ടാം ദിവസമായ ഇന്നലെ വരെ 42 പേർ പത്രിക സമർപ്പിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലാണ് കൂടുതൽ പത്രിക സമർപ്പിച്ചത് - 13 പേർ. ഈ മാസം 21 വരെ പത്രിക സമർപ്പിക്കാം.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൽ ഇന്നലെ വൈകിട്ടോടെ രണ്ടര കോടിയിലേറെ വോട്ടർമാരിൽ എന്യൂമറേഷൻ ഫോം എത്തിച്ചതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U ഖേൽക്കർ അറിയിച്ചു. ആകെ വോട്ടർമാരുടെ 90.42 ശതമാനത്തിലേറെയാണിത്.

✪✪✪

ലോകായുക്ത ദിനാചരണം ഇന്നലെ കേരള നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ നടത്തി. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് A. മുഹമ്മദ് മുഷ്താഖ് മുഖ്യാതിഥിയായിരുന്നു. ലോകായുക്ത ജസ്റ്റിസ് N അനിൽ കുമാർ ചടങ്ങിൽ അധ്യക്ഷനായി. നിയമ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച അഖില കേരള ഇന്റർ കോളജിയേറ്റ് മൂട്ട് കോർട്ട് മത്സരത്തിൽ കേരള ലോ അക്കാദമി ഒന്നാം സ്ഥാനം നേടി.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് ഇടുക്കി ജില്ലയിൽ മഞ്ഞ ജാഗ്രത നൽകി. നാളെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്.

✪✪✪

ശബരിമലയിൽ പുതിയ മണ്ഡല-മകരവിളക്ക് കാലത്തിന് മുന്നോടിയായി വൈകിട്ട് നട തുറക്കും. പ്രത്യേക ദിവസങ്ങളിലൊഴികെ നാളെ മുതൽ 90,000 പേർക്ക് ദർശനാവസരം ഒരുക്കും. വൃശ്ചികം ഒന്നായ നാളെയാണ് തീർത്ഥാടനകാലത്തിന് തുടക്കമാകുന്നത്.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ

........വോയ്സ്.......

സന്നിധാനം ശരണമുഖരിതമാകാൻ ഇനി മണിക്കൂറുകൾ മാത്രം ബാക്കി. ഇന്നു വൈകിട്ട് അഞ്ചിനു തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺകുമാർ നട തുറന്ന് ദീപം തെളിക്കും. തുടർന്ന് ആഴിയിൽ അഗ്നി പകരുന്നതോടെ 18 -ാം പടി കയറാൻ തീർഥാടകർക്ക് അനുമതി ലഭിക്കും. ആദ്യം നിയുക്ത മേൽശാന്തിമാരെ 18-ാംപടി കയറ്റി വൈകിട്ട് ആറോടെ മേൽശാന്തിമാരുടെ അഭിഷേകവും തുടർന്ന് മൂലമന്ത്രവും ചെല്ലിക്കൊടുക്കും. വൃശ്ചികപ്പുലരിയിൽ പുതിയ മേൽശാന്തിമാരാണ് സന്നിധാനത്തും മാളികപ്പുറത്തും പൂജകൾ നടത്തുക.

വൃശ്ചികം ഒന്നുമുതൽ രാവിലെ മൂന്നിനു നടതുറന്ന് ഉച്ചക്ക് ഒന്നുവരെയും, ഉച്ചയ്ക്ക് ശേഷം മൂന്നുമുതൽ രാത്രി 11 വരെയും ദർശനം ലഭിക്കും. വെർച്വൽ ക്യൂ വഴി70,000 പേർക്കും തത്സമസ ബുക്കിംഗ് വഴി 20,000 പേർക്കും ദർശനം സാദ്ധ്യമാകും. ആറു സീസണുകളിലായി 3000 പോലീസ് ഉദ്യോഗസ്ഥരും 100 നിരീക്ഷണ ക്യാമറകളും സുരക്ഷയൊരുക്കും

✪✪✪

ലോക ബോക്സിംഗ് കപ്പ് ഫൈനലുകൾക്ക് ഇന്ന് ഗ്രേറ്റർ നോയിഡയിൽ തുടക്കമാകും. ബ്രസീൽ, പോളണ്ട്, കസാക്കിസ്ഥാൻ എന്നിവിടങ്ങളിലെ മൂന്ന് ഘട്ടങ്ങൾക്ക് ശേഷം, സീരീസിന്റെ സീസൺ ഫൈനലാണ് നോയിഡയിൽ നടക്കുന്നത്. 8 രാജ്യങ്ങളിൽ നിന്നായി 130 ബോക്സർമാർ മത്സരത്തിൽ പങ്കെടുക്കും. ഇന്ത്യയിൽ നിന്ന് മിനാക്ഷി, നിഖാത് സരീൻ, ജെയ്സ്മിൻ, സവീതി ബോറ തുടങ്ങിയ താരങ്ങൾ ഫൈനലിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റിൽ  കേരളം ഇന്ന് മധ്യപ്രദേശിനെ നേരിടും. ഇൻഡോറിലെ ഹോൾക്കർ സ്റ്റേഡിയത്തിൽ  രാവിലെ ഒമ്പതരയ്ക്ക് മത്സരം തുടങ്ങും.

✪✪✪

വനിതാ ബ്ലൈന്റ് ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ പാക്കിസ്ഥാനെ നേരിടും. കൊളംബോയിൽ ഉച്ചയ്ക്ക് ഒന്നിന് മത്സരം ആരംഭിക്കും. ഇന്ത്യ നേരത്തെ തന്നെ സെമി ഫൈനൽ ബെർത്ത് ഉറപ്പിച്ചിട്ടുണ്ട്. ഈ മാസം 22 നാണ് സെമിഫൈനൽ.

✪✪✪

സൂപ്പർലീഗ് കേരളാ ഫുട്ബോളിൽ തിരുവനന്തപുരം  കൊമ്പൻസ് FC, ഫോഴ്സ കൊച്ചിയെ തോൽപ്പിച്ചു. കൊച്ചിയിൽ ഒരു ഗോളിനാണ് കൊമ്പൻസിന്റെ ജയം. ഇതോടെ ഏഴു കളിയും പരാജയപ്പെട്ട  ഫോഴ്സ കൊച്ചി മത്സരത്തിൽ നിന്ന് പുറത്തായി .

✪✪✪

ഗോവയിൽ ഫിഡെ ലോകകപ്പ് ചെസിൽ ഇന്ത്യയുടെ ഗ്രാൻഡ്മാസ്റ്റർ അർജുൻ എറിഗൈസി ക്വാർട്ടർ ഫൈനലിൽ കടന്നു. FIDE  ലോകകപ്പ് ക്വാർട്ടർ യോഗ്യത നേടുന്ന  ആദ്യ ഇന്ത്യക്കാരനാണ് അർജുൻ. രണ്ട് തവണ ലോക കപ്പ് ചാമ്പ്യനായ ലെവോൺ ആരോണിയനെ പരാജയപ്പെടു ത്തിയാണ്  അർജുന്റെ നേട്ടം.

✪✪✪

ശിശുദിന വാരാഘോഷത്തിന്റെ ഭാഗമായി കോഴിക്കോട്ട് സംഘടിപ്പിച്ച സൗഹൃദ ഫുട്ബോൾ മത്സരത്തിൽ കലക്ടേഴ്സ് ഇലവൻ ജേതാക്കളായി. ചിൽഡ്രൻസ് ഇലവനെയാണ് അവർ തോൽപ്പിച്ചത്.

✪✪✪

കണ്ണൂർ രാജ്യാന്തരവിമാനത്താവളത്തിൽ മൂന്നാമത്  നോർത്ത് മലബാർ ട്രാവൽ ബസാർ ഇന്ന് സമാപിക്കും. രാവിലെ മുതൽ പൊതുജനങ്ങൾക്ക് മേള കാണാൻ അവസരം ഉണ്ടാകും.

✪✪✪

പത്രപ്രവർത്തന നിലവാരം അനുദിനം തകർന്നു കൊണ്ടിരിക്കുകയാണെന്ന് പ്രമുഖ മാധ്യമ പ്രവർത്തകൻ ശശികുമാർ അഭിപ്രായപ്പെട്ടു. പ്രമുഖ പത്രപ്രവർത്തകൻ വിംസീ-യുടെ ജന്മശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി

സീനിയർ ജേർണലിസ്റ്റ്സ് ഫോറം കോഴിക്കോട്ട് സംഘടിപ്പിച്ച പരിപാടിയിൽ സ്മാരക പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ഒരു കാലത്ത് ആദർശങ്ങൾക്ക് വേണ്ടിയായിരുന്ന പത്രപ്രവർത്തനത്തിൽ സാമ്പത്തികം മാത്രമാണ് നോട്ടമെന്നും ശശികുമാർ പറഞ്ഞു.

✪✪✪

കോഴിക്കോട് ഫറോക്കിൽ വിദ്യാർത്ഥികളടക്കം കള്ളനോട്ട് സംഘത്തിലെ അഞ്ചുപേരെ പിടികൂടി. ഇവരിൽ നിന്ന് അഞ്ഞൂറ് രൂപയുടെ 57 നോട്ടുകളും നോട്ടുകൾ അച്ചടിച്ച 30 ഷീറ്റുകളും പ്രിന്ററും പിടികൂടി. റെയ്ഡ് തുടരുകയാണ്.

✪✪✪

പാലക്കാട് കൽപ്പാത്തിയിൽ വൈകിട്ട് ദേവരഥ സംഗമം. മൂന്നാം തേരുത്സവദിനത്തിൽ പഴയ കൽപ്പാത്തി, ചാത്തപുരം ക്ഷേത്രങ്ങളിലെ രഥങ്ങളും ഇന്ന് പ്രയാണം നടത്തും. തേരുമുട്ടിയിലാണ് വൈകിട്ട് ദേവരഥങ്ങളുടെ സംഗമം.

✪✪✪

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ രണ്ട് ദിവസത്തെ കോഴിക്കോട് റീജിണൽ സെന്റർ സോണൽ കലോത്സവം എഴുത്തുകാരൻ സുഭാഷ് ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. കലോത്സവം ഇന്ന് സമാപിക്കും.

✪✪✪

മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറായി ഡോ. TK ജയന്തി ചുമതലയേറ്റു. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ (പാലക്കാട്), RCH ഓഫീസർ, ലെപ്രസി ഓഫീസർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

✪✪✪

ഇന്നലെ പുലർച്ചെ തിരുവനന്തപുരത്ത് അന്തരിച്ച പരിസ്ഥിതി പ്രവർത്തകനും എഴുത്തുകാരനും ചിന്തകനുമായ പ്രൊഫ. VK ദാമോദരന്റെ സംസ്കാരം ഉച്ച കഴിഞ്ഞ് തൈക്കാട് ശാന്തികവാടത്തിൽ നടത്തും. ഇന്നലെ പുലർച്ചെ തിരുവനന്തപുരത്ത് സ്വകാര്യ ആശുപത്രിയിലായിരുന്നു 85 കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

✪✪✪

ഗുരുവായൂർ ദേവസ്വത്തിന്റെ പാഞ്ചജന്യം, കൗസ്തുഭം റെസ്റ്റ്ഹൗസുകളുടെ ബുക്കിംഗിന് വ്യാജ വെബ്സൈറ്റുകൾ ഉപയോഗിച്ച് തട്ടിപ്പ് നടത്തുന്നതായി കാണിച്ച് ദേവസ്വം പൊലീസിൽ പരാതി നൽകി. ഇതുമായി ബന്ധപ്പെട്ട് ദേവസ്വത്തിന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലാണ് നടപടി.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: അബ്ദുൾകബീർ, രജ്ന കെ*
*DEO : സി കെ സുബോധ്*